കാർഷികോല്പന്നങ്ങൾക്ക് ഉൽപ്പാദന ബോണസ് പ്രഖ്യാപിച്ച നടപടി

26 (*236) ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം കാർഷികോൽപ്പന്നങ്ങൾക്കാണ് ഉൽപ്പാദന ബോണസ് പ്രഖ്യപിച്ചത് ;

(ബി) ഈയിനത്തിൽ കാർഷകന് എന്തുതുകയുടെ ഗുണം കിട്ടി എന്ന് വ്യക്തമാക്കാമോ ;

(സി) കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദന ബോണസ് പ്രഖ്യാപിച്ചതു കൊണ്ട് അവയുടെ വിലയിലുണ്ടായ മാറ്റമെന്തെന്നു വിശദമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉല്പാദന ബോണസ് പുതുതായി പ്രഖ്യാപിച്ചിട്ടില്ല. കാപ്പി, കുരുമുളക് എന്നീ കാർഷിക ഉല്പന്നങ്ങൾക്ക് സ്പെഷ്യൽ പാക്കേജ് പ്രകാരം ആശ്വാസ ധനസഹായം നൽകുന്നുണ്ട്.

(ബി) സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം ഏക വിളയായി കുരുമുളക്, കാപ്പി എന്നിവ കൃഷി ചെയ്യുന്ന കർഷകന് ഒരു ഹെക്ടറിന് 500 രൂപ നിരക്കിലും ഇവ രണ്ടും പരസ്പര ഇടവിളയായി കൃഷി ചെയ്യുന്നവർക്ക് ഒരു ഹെക്ടറിന് 1000 രൂപ നിരക്കിലും ആശ്വാസ ധനസഹായം നൽകുന്നു. ഇതുവരെ കുരുമുളകിന് 4,42,67,182 രൂപയും കാപ്പിക്ക് 2,18,01,936 രൂപയും നൽകി.

(സി) വിളകൾക്ക് രൂക്ഷമായ വിലത്തകർച്ച നേരിട്ട അവസരത്തിൽ സർക്കാർ വിപണിയിൽ ഇടപെട്ട് സംഭരണം നടത്തിയതിന്റെയും കർഷകർക്ക് ആശ്വാസ ധനസഹായം നൽകിയതിന്റെയും മറ്റും ഫലമായി മിക്ക വിളകളുടെയും വില ഉയർന്നിട്ടുണ്ട്.

വനസമ്പത്ത് കൊള്ളയും വനം കൈയേറ്റവും തടയാൻ നടപടി

27 (*237) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻതോതിൽ നടക്കുന്ന വനസമ്പത്ത് കൊള്ളയും വനം കൈയേറ്റവും തടയാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly